അറബി കലണ്ടറിലെ ആദ്യമാസമാണ് മുഹർറം. മുഹർറം മാസത്തിന്റെ പ്രത്യേ കതകളെക്കുറിച്ച് കൂടുതലറിയൂ...

# ചരിത്രത്തിലെ മുഹർറം

• കെ. അമീൻ കാരക്കുന്ന്

ഒരു പുതിയ വർഷം ആരുടെ മനസ്സിലാണ് സന്തോഷം നിറക്കാത്തത് അല്ലേ? പഴയ രാപ്പകലുകൾ കടന്ന് പുതിയ വർഷത്തിന്റെ പുലരിയെ പലതരത്തിലാണ് നമ്മൾ സ്വീക രിക്കാറ്. പുതിയ തീരുമാനങ്ങളും പുതിയ ശീലങ്ങളുമെല്ലാം പുതിയ വർഷത്തിൽ നിർ ബന്ധമായും വേണം എന്ന് നമ്മൾ ആഗ്ര ഹിക്കും. ആദ്യമഴ കൊണ്ട മണ്ണിന്റെ മണം പോലെ പുതുമയുണ്ടാവും ഓരോ മനസ്സിനും.

ഇംഗ്ലീഷ് കലണ്ടർ ആരംഭിക്കുന്നത് ജനു വരിയോടെയാണെന്ന് കൂട്ടുകാർക്കറിയാമ ല്ലോ. അതുപോലെ അറബി കലണ്ടറിലെ ആദ്യ മാസമാണ് മുഹർറം. മുഹർറത്തിന് ഇസ്ലാമിക ചരിത്രത്തിൽ ഒത്തിരി പ്രത്യേക തകളുണ്ട്. പവിത്രമായ നാല് മാസങ്ങളിലൊ ന്നാണിത്. ദുൽഖഅദ്, ദുൽഹജ്ജ്, റജബ് എന്നിവയാണ് മറ്റുമാസങ്ങൾ.

റമദാൻ കഴിഞ്ഞാൽ പിന്നെ മുഹമ്മദ് നബി ഏറ്റവും അധികം നോമ്പെടുത്ത മാസം മുഹ ർറം ആണെന്ന് ചരിത്രം പറയുന്നു. പവിത്ര മായതിന് ചില പ്രത്യേകതകൾ വേണമല്ലോ.

'ഹറാം' എന്ന വാക്ക് കേട്ടിട്ടില്ലേ? ചെ യ്യാൻ പാടില്ലാത്തത് അല്ലെങ്കിൽ നിഷിദ്ധമാ ക്കപ്പെട്ടത് എന്ന അർത്ഥത്തിൽ തന്നെയാവും അതിനെ നിങ്ങൾ കൂടുതൽ പരിചയപ്പെട്ടിട്ടു ണ്ടാവുക. എന്നാൽ പരിശുദ്ധം എന്നുകൂടി അതിന് അർത്ഥമുണ്ട്.

അതുകൊണ്ടാണല്ലോ പുണ്യമക്കയെ 'മസ് ജിദുൽ ഹറാം' എന്നു വിളിക്കുന്നത്. ഈ വാ





ക്കിൽനിന്ന് തന്നെയാണ് ഈ മാസത്തിന്റെ പേരും വരുന്നത്. പവിത്രമാസമായതിനാൽ ത്തന്നെ യുദ്ധം നിരോധിച്ച മാസം കൂടിയാണ് മുഹർറം.

മുഹർറം ഒമ്പതിനും പത്തിനുമുള്ള നോമ്പ് നിങ്ങളിൽ പലരും ശീലമാക്കിയിട്ടുണ്ടാവും. മുൻകഴിഞ്ഞ ഒരു വർഷത്തെ പാപങ്ങൾ കഴുകിക്കളയാം എന്ന് അല്ലാഹു വാഗ്ദാനം ചെയ്തത് ഈ നോമ്പെടുക്കാൻ തയ്യാറായവർക്കാണ്.

ഇനിയുമുണ്ട് പറഞ്ഞാൽ തീരാത്ത പ്രത്യേകതകൾ ഈ മാസത്തിന്!

നിങ്ങൾ പഠിച്ചതല്ലേ ഏറ്റവും വലിയ ധിക്കാരിയായ ഫറോവ എന്ന ഭരണാധികാരിയെ? അഹങ്കാരിയായ ഫറോവയുടെ മരണം മുഹർറം പത്തിനായിരുന്നു.

ഈജിപ്തിലെ ഭരണാധികാരിയായ ഫറോവയുടെ അന്ത്യത്തെ കുറിച്ച കഥ കൂട്ടുകാർ കേട്ടിട്ടില്ലേ..? മൂസാനബിയെയും കൂട്ടരെയും നശിപ്പിക്കാൻ തുനിഞ്ഞിറങ്ങിയതായിരുന്നു ഫറോവ. മൂസാനബിയും സംഘവും ഫറോവയിൽ നിന്ന് ഓടി രക്ഷപ്പെടുകയായിരുന്നു. മൂസാ നബിയുടെ പിന്നിൽ ഫറോവയും മുന്നിൽ അറ്റം കാണാത്ത കടലും. എന്ത് ചെയ്യണമെന്നറിയാതെ നിന്നു മൂസാ നബി. അന്നേരം കൈയിലുള്ള വടികൊണ്ട് കടലിലടിക്കാൻ കൽപ്പിച്ചു അല്ലാഹു. ഉടനെ കടൽ രണ്ടായി പിളർന്ന് ഒരു വഴി രൂപപ്പെടുന്നു. അതുവഴി സീനാ മരുഭൂമിയിലേക്ക് പലായനം ചെയ്തു പ്രവാചകനും സംഘവും.

പിളർന്ന കടൽ കണ്ട് ഒരു നിമിഷം പകച്ചു പോയെങ്കിലും ഫറോവയും കൂട്ടരും ആ വഴി തന്നെ ഇറങ്ങിത്തിരിച്ചു. വഴി പാതി പിന്നിട്ടപ്പോൾ പിളർന്ന കടലിനെ അല്ലാഹു തന്നെ ഇണക്കിച്ചേർത്തു. ആഴിയുടെ ആഴങ്ങളിലേക്ക് ഫറോവ മുങ്ങിത്താണു! അഹങ്കാരത്തിന്റെ ആ കൊടുമുടിയെ കടലെടുത്തു.

എല്ലാ അഹങ്കാരികൾക്കുമുള്ള പാഠമാണ് ഫറോവ . പിന്നീട് മൂസാനബിയും സംഘവും സീനാ മരുഭൂമിയിൽ താമസമാരംഭിച്ചതും ഇതേ മുഹർറത്തിന്റെ മങ്ങാത്ത ഓർമയാണ്.

ഇനിയും തീരുന്നില്ല മുഹർറം ഓർമകൾ. മുഹമ്മദ് നബിയുടെ പൗത്രൻ ഹുസൈനെയും സംഘത്തെയും മുആവിയയുടെ പുത്രൻ യസീദിന്റെ കൂഫാ സൈന്യാധിപനായിരുന്ന ഉബൈദു ബിൻ സിയാദിന്റെ നേതൃത്വത്തിൽ എത്തിയ സൈന്യം ഇറാഖിലെ കർബലയിൽ വെച്ച് കൂട്ടക്കൊലചെയ്തു.

ഹുസൈൻ അടക്കം നിരവധി പ്രിയപ്പെട്ടവർ രക്തസാക്ഷിത്വം വരിച്ചത് ഈ കർബല സംഭവത്തിലായിരുന്നു. ഇസ്‌ലാമിക ചരിത്രത്തെപ്പോലും കണ്ണീരണിയിച്ച ഏറ്റവും ഹീനമായ ഈ സംഭവത്തെക്കൂടി നമുക്ക് മുഹർറമോർമ്മകളിൽ ചേർത്തുവെക്കേണ്ടതുണ്ട്.

◆

▸▸ ഇന്ത്യയിലെ ഏറ്റവും വലിയ ശുദ്ധജല തടാകം– വൂളാർ തടാകം(ജമ്മു കശ്മീർ)